# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2686** **19/06/2014** ൽ മറുപടിക്ക്

## എസ്.എസ്.എ.വഴിയുള്ള യൂണിഫോം വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബാബു എം.പാലിശ്ശേരി | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) 2014-15 അദ്ധ്യയന വർഷം എസ്.എസ്.എ.വഴി സ്കൂൾ കുട്ടികൾക്ക് യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതിയുടെ പുരോഗതി എന്താണ്; വിശദാംശം വ്യക്തമാക്കാമോ; | (എ) | എസ്.എസ്.എ.മുഖേന സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗം ആൺ കുട്ടികൾ ഒഴികെയുള്ള കുട്ടികൾക്ക് 2014-15 വർഷം സൗജന്യ യൂണിഫോം വിതരണത്തിനായി കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയം 31.2177 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 7,80,443 കുട്ടികൾക്ക് ഇതിന്റെ പ്രയേജനം ലഭിക്കുന്നതാണ്. |
| ബി) 2014-15 അദ്ധ്യയന വർഷം എസ്.എസ്.എ.വഴി വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകുന്ന യൂണിഫോം പദ്ധതിയിൽ ഒരു കുട്ടിയ്ക്ക് എത്ര രൂപ വെച്ചാണ് അനുവദിച്ചിട്ടുള്ളത് | (ബി) | ഒരു കുട്ടിക്ക് രണ്ടുജോഡി യൂണിഫോമിന് തയ്യൽ കൂലി ഉൾപ്പെടെ 400/- രൂപ യാണ് വകയിരുത്തിയിട്ടുള്ളത്. |
| സി) 2013-14 അദ്ധ്യയന വർഷം എസ്.എസ്.എ. വഴി സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകിയിരുന്നുവോ; | (സി) | നൽകിയിരുന്നു. |
| ഡി) ഇല്ലെങ്കിൽ ഈ പദ്ധതി പരാജയപ്പെടാൻ കാരണമെന്താണ്; | (ഡി) | ബാധകമല്ല |

(ഇ) 2014-15 അദ്ധ്യയന വർഷം കുറ്റമറ്റതായ രീതിയിൽ കഴിവതും വേഗത്തിൽ സ്കൂൾ യൂണിഫോം കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

(ഇ) & (എഫ്) 2014-15 അദ്ധ്യയന വർഷം എസ്.എസ്.എ മുഖേന സർക്കാർ സ്കൂളുകളിൽ ഒന്നു മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള കുട്ടികൾക്ക്, ഒരു കുട്ടിക്ക് രണ്ട് ജോഡി യൂണിഫോം തയ്യൽ കൂലി ഉൾപ്പെടെ 400/- രൂപ സൗജന്യ യൂണിഫോം വിതരണത്തിനായി കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയം 31.2177 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സർക്കാർ എയിഡഡ് സ്കൂളുകളിലെ ഇതേ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

Vasanthi Devi. S

സെക്ഷൻ ഓഫീസർ